## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6609 — 08.11.2016 ൽ മറുപടിയ്ക്ക്

### അവശ്യസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഉൽപാദക സംസ്ഥാനങ്ങളിൽ ഉൽപാദനം കുറഞ്ഞതുമൂലം വെളിച്ചെണ്ണ, അരി, കടല, വൻപയർ എന്നിവയുടെ വിലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിമിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് ഈ സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്; ഇത് പ്രകാരം വിലക്കയറ്റം തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ;<br><br>(സി) എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഇടപെടലിലൂടെ അവശ്യ സാധനങ്ങളുടെ വിലയിൽ എത്ര ശതമാനം വർദ്ധനവ് തടയുന്നതിനാണ് കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും | ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി 150 കോടി രൂപ അനുവദിച്ചതിൽ 131.42 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>സബ്സിഡി വിലകൾ വർദ്ധിപ്പിക്കാതിരുന്നതിനാലും, സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയതിനാലും വിപണിയിൽ വിലകൾ ക്രമാതീതമായി ഉയർന്നിട്ടില്ലെന്നും മിക്ക ഇനങ്ങളുടെയും വില കുറയുന്നതായും അനുബന്ധത്തിൽ നിന്നും കാണാവുന്നതാണ്. ആയതിനാൽ സപ്ലൈകോ വിപണന ശൃംഖല വഴിയുള്ള ഫലപ്രദമായ |

വിപണിയപെടൽ മുഖേന അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതുമൂലം അനിയന്ത്രിതമായ പൊതുവിപണി വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ച് നിർത്താൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | 01/06/2016 - ലെ പൊതു വിപണി വില (per Kg) - | 01/07/2016 - ലെ പൊതു വിപണി വില (per Kg) - | 01/08/2016 - ലെ പൊതു വിപണി വില (per Kg) - | 01/09/2016 - ലെ പൊതു വിപണി വില (per Kg) - | 1/10/2016 - ലെ പൊതു വിപണി വില (per Kg) - | 01/11/2016 - ലെ പൊതു വിപണി വില (per Kg) - |
|---|---|---|---|---|---|---|---|
| 1 | ചെറുപയർ | 106.29 | 102.93 | 97.21 | 88.57 | 86.64 | 85.07 |
| 2 | ഉഴുന്ന് ബോൾ | 179.07 | 174.79 | 169.29 | 155.29 | 140.57 | 136.14 |
| 3 | വൻകടല | 83.54 | 90.92 | 109.38 | 110.31 | 114.08 | 124.31 |
| 4 | വൻപയർ | 67.86 | 76.93 | 84.50 | 79.93 | 81.93 | 80.71 |
| 5 | തുവര പരിപ്പ് | 151.93 | 151.43 | 147.71 | 133.79 | 133.71 | 133.36 |
| 6 | മുളക് | 164.86 | 168.07 | 164.29 | 160.21 | 158.71 | 156.14 |
| 7 | മല്ലി | 114.64 | 114.29 | 114.21 | 113.64 | 115.21 | 113.71 |
| 8 | പഞ്ചസാര | 39.68 | 39.29 | 40.18 | 40.61 | 39.89 | 40.00 |
| 9 | ജയ അരി | 30.00 | 32.00 | 32.67 | 33.33 | 33.67 | 34.33 |
| 10 | കുറുവ അരി | 30.00 | 30.00 | 31.00 | 31.00 | 31.00 | 32.00 |
| 11 | മട്ട അരി | 34.14 | 34.93 | 35.39 | 35.29 | 35.36 | 35.50 |
| 12 | പച്ചരി | 28.33 | 31.00 | 31.33 | 30.67 | 30.67 | 31.33 |
| 13 | വെളിച്ചെണ്ണ | 109.79 | 110.00 | 110.43 | 117.64 | 125.36 | 127.86 |

സെക്ഷൻ ഓഫീസർ